# ഗോവയിൽ വിദ്യാഭ്യാസത്തെ കാവിയണിയിക്കുന്നു.

## വിദ്യാഭാരതിയിലൂടെ ആർ.എസ്.എസ്.ക്ലാസ്സ് മുറിയിലേക്ക്!

**എസ്. എ. സി. ഡബ്ല്യു. ന്യൂസ് സർവ്വീസ്**

ഭാരതീയ ജനതാ പാർട്ടിയുടെ കാഷായലോബി ഗോവയിലെ സ്കൂൾകുട്ടികളുടെ മനസ്സിൽ മായാത്ത മുദ്ര പതിപ്പിക്കുന്നതിന് ശ്രമിക്കുകയാണെന്ന് വ്യക്തമാക്കുന്നതാണ് മുഖ്യമന്ത്രി മനോഹർ പരീക്കർ തിടുക്കത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ നടപടികൾ.

ഗോവയിലെ 50ൽ പരം പ്രൈമറി സ്കൂളുകൾ കാഷായ ശൃംഖലയ്ക്ക് ബി.ജെ.പി സർക്കാർ കൈമാറുകയാണ്. പ്രാദേശിക ആർ. എസ്. എസ്. സൈദ്ധാന്തികർക്ക് മേധാവിത്വമുള്ള സ്കൂൾ വിദ്യാഭ്യാസ ഉപദേശക സമിതിയെ സർക്കാർ നാമനിർദ്ദേശം ചെയ്തുകഴിഞ്ഞു. സർവ്വോപരി സ്വയംഭരണാവകാശമുള്ള ഗോവ സർവ്വകലാശാലയിൽ അത് നടത്തിയ കത്തിത്തിരിപ്പുകൾ പരക്കെ പ്രതിഷേധം ക്ഷണിച്ചു വരുത്തിയിരിക്കുന്നു.

**കേരളത്തിലും വിദ്യാഭാരതിയുടെ 400 സ്കൂളുകൾ ആരംഭിക്കുവാൻ നീക്കം.**

കാലുമാറ്റത്തിലൂടെ കഴിഞ്ഞവർഷം ഗോവയിൽ അധികാരത്തിലെത്തിയ ബി.ജെ.പിയുടെ ഈ നീക്കങ്ങൾ ഒന്നിച്ചു വിലയിരുത്തുമ്പോൾ ശ്രദ്ധാപൂർവ്വം നടപ്പിലാക്കുന്ന ഒരു തന്ത്രമാണെന്ന് കാണാം.

ജൂണിൽ അധ്യയനവർഷം ആരംഭിച്ചതോടെ 53 സർക്കാർ പ്രൈമറി സ്കൂളുകളിലെ കുട്ടികളുടെ രക്ഷിതാക്കൾ ഞെട്ടിപ്പോയി. ഈ സ്കൂളുകൾ ആർ. എസ്. എസി ന്റെ വിദ്യാഭാരതി ശൃംഖലയ്ക്ക് ഏതോ ചില ഗൂഢനീക്കങ്ങളിലൂടെ കൈമാറ്റം ചെയ്തു കഴിഞ്ഞു!

കുട്ടികൾ കുറവായതിനാൽ പൂട്ടേണ്ടിവരുന്ന ഈ സ്കൂളുകൾ അതൊഴിവാക്കാനാണ് വിദ്യാഭാരതിക്ക് കൈമാറിയതെന്നാണ് സർക്കാർ ഭാഷ്യം. പത്ത് സ്കൂളുകളിലെ വിദ്യാർത്ഥികളും രക്ഷിതാക്കളും വിദ്യാഭാരതിയെ സ്കൂൾ ഏൽപ്പിച്ച നടപടിക്കെതിരെ പ്രതിഷേധിച്ചു.

സ്കൂൾ ഏൽപ്പിച്ചുകൊടുക്കുന്ന ഏർപ്പാടിനെതിരെയുള്ള പോരാട്ടത്തിന്റെ മുൻനിരയിലുള്ള വിദ്യാഭ്യാസ വിദഗ്ധൻ രമേഷ് ഗൗൺസ് പറയുന്നു. "നടപടിക്രമങ്ങളൊന്നും സർക്കാർ പാലിച്ചില്ല. കുട്ടികൾ കുറവായതിനാൽ സ്കൂളുകൾ പൂട്ടേണ്ടിവരുമെന്ന് മുഖ്യമന്ത്രി ആദ്യം പ്രസ്താവിച്ചു. സ്കൂളുകൾ സംയോജിപ്പിക്കാൻ തീരുമാനമായി എന്നാണ് പിന്നീട് പറഞ്ഞത്. പെട്ടെന്ന് എന്തോ ചതി നടന്നു. 53 സ്കൂളുകൾ അതിനുമുമ്പ് ഇല്ലാതിരുന്ന ക്ലബ്ബുകൾക്കും സംഘടനകൾക്കും സൊസൈറ്റികൾക്കും കൈമാറി. ഗോവയുടെ തെക്കുമുതൽ വടക്കേ അറ്റം വരെ, വിചിത്രമെന്നു പറയട്ടേ, ബി.ജെ.പി, ആർ. എസ്. എസ്. പ്രവർത്തകർ മാത്രമാണ് സ്കൂൾ നടത്താൻ മുന്നോട്ട് വന്നത്!"

ഗ്രാമീണ മേഖലയിലുള്ള മറാത്തി മീഡിയം സ്കൂളുകളായിരുന്നു ഇങ്ങനെ കൈമാറിയവയിൽ മിക്കതും. ഈ മേഖലയിൽ സ്വകാര്യ സ്കൂളുകൾ കുറവാണ്.

സാമ്പത്തികമായ ഇടപാടുകളൊന്നുമില്ലാത്തതിനാൽ താൻ നിയമവിരുദ്ധമായി ഒന്നും ചെയ്തില്ലെന്നാണ് മുഖ്യമന്ത്രിയുടെ വാദം.

"സ്കൂളുകൾ കൈമാറാനുള്ള ഉദ്ദേശ്യം എന്തുകൊണ്ട് സർക്കാർ പരസ്യമായി പ്രഖ്യാപിച്ചില്ല?" ശ്രീധർ കാമത്ത് ബംബോൾക്കർ ചോദിക്കുന്നു.

"ക്ലബ്ബുകൾക്കും, പപ്പടം, അച്ചാർ തുടങ്ങിയവ നിർമ്മിക്കുന്ന വനിതാ സംഘങ്ങൾക്കും വെറുതെയങ്ങ് സ്കൂളുകൾ ഏൽപ്പിച്ചുകൊടുക്കാൻ പാടില്ല".

ഗോവയിലെ രാജ്യസഭാംഗം എഡ്വേർഡോ ഫലേറോ പറയുന്നു. "സർക്കാർ പ്രൈമറി സ്കൂളുകൾ വിദ്യാഭ്യാസ രംഗത്ത് മുൻപരിചയമൊന്നുമില്ലാത്ത, റജിസ്റ്റർ പോലും ചെയ്യാത്ത ഏതൊക്കെയോ സംഘടനകൾക്ക് ഗോപ്യമായി ഏൽപ്പിച്ചു കൊടുത്തു. ഈ സംഘടനകളെല്ലാം, ആർ.എസ്.എസ് ബന്ധമുള്ള വിദ്യാഭാരതിയുടെ കീഴിലുള്ളവയാണ്".

ഒരു വർഷത്തേക്ക് ഒരു രൂപ വാടകയ്ക്ക് സ്കൂളുകൾ നൽകുന്ന ഏർപ്പാട് "സർക്കാർ സ്വത്ത് ആർ.എസ്.എസിന് സമ്മാനിക്കുന്നതിന്" തുല്യമാണ് എന്ന് ഫലേറോ ചൂണ്ടിക്കാട്ടുന്നു.

വിദ്യാഭാരതിയുടെ സ്കൂളുകൾ പച്ചയായി വർഗ്ഗീയാശയ പ്രചരണത്തിനാണ് ഉപയോഗപ്പെടുത്തുന്നതെന്നും, യുവതലമുറയിൽ സാംസ്കാരിക വിജ്ഞാനം വികസിപ്പിക്കുന്നതിന്റെ പേരിൽ മതാന്ധതയും അന്യമതവൈരവും പ്രോത്സാഹിപ്പിക്കുന്നതിനാണ് പാഠ്യപദ്ധതി രൂപപ്പെടുത്തിയിട്ടുള്ളതെന്നും 1991ലെ പാഠപുസ്തക മൂല്യനിർണ്ണയത്തിനുള്ള ദേശീയ സമിതി യോഗത്തിൽ അദ്ദേഹം അഭിപ്രായപ്പെട്ടിരുന്നു.

(ശേഷം പേജ് 3 ൽ)

# വിദ്യാഭ്യാസത്തെ കാവിയണിയിക്കുന്നു

(1-ാം പേജ് തുടർച്ച)

സ്കൂളുകൾ അനുവദിച്ച കൊണ്ടുള്ള സർക്കാർ എഴുത്തുകൾ മുഴുവൻ വാങ്ങിക്കൊണ്ടു പോയത് ആർ.എസ്.എസിന്റെ ഒരു ഭാരവാഹിയാണെന്ന് വെളിപ്പെടുത്തുന്ന ഒരു രേഖ സർക്കാറിന്റെ ദുർനടപടികൾ തുറന്നു കാട്ടുന്നവർ വെളിച്ചത്തു കൊണ്ടുവന്നു. ക്ലബ്ബുകളും, വനിതാ സംഘങ്ങളും മറ്റു സ്ഥാപനങ്ങളും ഈ സ്കൂളുകൾ നടത്തുന്നതിനുള്ള ഒരു മറ മാത്രമാണെന്ന് അവർ ആരോപിക്കുന്നു.

"വ്യാപകമായ സാമൂഹ്യ ബന്ധങ്ങളുള്ള ദേശീയവാദികളെ"യാണ് വിദ്യാഭാരതി അദ്ധ്യാപകർക്കു വേണ്ടിയുള്ള പരസ്യത്തിൽ ആവശ്യപ്പെടുന്നത്. മറ്റ് അദ്ധ്യാപകരൊന്നും ദേശസ്നേഹികളല്ലെന്നും ദേശവിരുദ്ധരാണെന്നുമാണോ ഇവർ കരുതുന്നത്? "നാട്ടിൻ പുറത്ത് ജോലിചെയ്യുന്ന ഒരു പ്രൈമറി അദ്ധ്യാപകന് എന്തിനാണ് അത്രയൊക്കെ 'വ്യാപകമായ സാമൂഹ്യ ബന്ധം'" എന്ന് കപിതനായ ഗോൺസ് ചോദിക്കുന്നു.

ബഹുജനങ്ങളിൽ നിന്നും വ്യാപകമായി പ്രതിഷേധമുയർന്നപ്പോൾ പരീക്കർ സർക്കാർ മാധ്യമങ്ങളിലൂടെ പ്രചരണമഴിച്ചുവിട്ടു. മറാത്തി പത്രങ്ങളിൽ ആഞ്ഞടിച്ച വിവാദം തണുപ്പിക്കുന്നതിനും പത്രാധിപന്മാരെ പ്രീണിപ്പിക്കുന്നതിനും ശ്രമം തുടങ്ങി.

വിദ്യാഭാരതി സ്കൂളുകൾ ഏറ്റെടുത്തതിനെതിരെയുള്ള സമരത്തെ ഭാഷാ പ്രശ്നമാക്കി അവതരിപ്പിച്ചു തുടങ്ങി. മറാത്തി സ്കൂളുകളുടെ രക്ഷകരായി സ്വയം ചിത്രീകരിച്ചുകൊണ്ട് ആർഎസ്.എസ് ഭാരവാഹികൾ ഇക്കാര്യം നിർവ്വഹിക്കാനുള്ള 'ബാധ്യത' തങ്ങളേറ്റെടുക്കുകയാണെന്ന് ആവർത്തിച്ചു പ്രസ്താവിച്ചു.

ഗോവയിൽ സമീപകാലത്ത് കൊങ്കണി - മറാത്തി വിവാദം കടുത്ത രീതിയിൽ നടന്നിട്ടുണ്ട്. ഈ രണ്ടു ഭാഷകളും പരസ്പരം ശത്രുതയിലാണെന്ന് ചിത്രീകരിക്കപ്പെട്ട വിവാദത്തിൽ ജാതീയ-വർഗ്ഗീയ നിറങ്ങൾ കലർന്നിരുന്നു.

വിവാദത്തിന്റെ കേന്ദ്രസ്ഥാനത്ത് ഗോവയിൽ ദീർഘകാലമായുള്ള ചെറുതെങ്കിലും സജീവമായ ആർ.എസ്.എസ് ശൃംഖലയാണ്. ഇതിന്റെ ശക്തനായ വക്താവും ഒരു ആർ.എസ്.എസ് സ്കൂൾ പ്രിൻസിപ്പലുമായ സുഭാഷ് വെലിംഗ്കർ മറാത്തി പത്രത്തിൽ എഴുതിയ ലേഖനത്തിൽ പറയുന്നു: "മറാത്തി സ്കൂളുകൾ ഏറ്റെടുക്കാൻ മുന്നോട്ടു വന്നവരിൽ അധികവും സംഘാംഗങ്ങളാണെന്ന കാര്യം സമ്മതിക്കുന്നു. എന്നാൽ ആർ.എസ്.എസ് നയം മറാത്തി സ്കൂളുകൾ സംരക്ഷിക്കുകയാണെന്ന് വ്യക്തമാക്കട്ടെ."

മറാത്തി സ്നേഹികൾ ജാഗ്രത പാലിക്കണമെന്ന് ആഹ്വാനം കൂടി വന്നപ്പോൾ ഈ പ്രചരണത്തിന് അല്പം ഫലം കണ്ടു തുടങ്ങി. ഈ പ്രശ്നം ഉയർത്തിക്കൊണ്ടു വന്ന മാധ്യമങ്ങളിലൊരു വിഭാഗം വിമർശനത്തിൽ നിന്നു ഗണ്യമായി പിറകോട്ടടിക്കുകയോ നേർവിപരീത നിലപാട് സ്വീകരിക്കുകയോ ചെയ്തു.

ഗോവയിലെ വിദ്യാഭ്യാസത്തെ കാവിയണിക്കാനുള്ള ശ്രമമായി പ്രതിപക്ഷ കക്ഷിയായ കോൺഗ്രസ്സ് ഈ നീക്കത്തെ വിശേഷിപ്പിച്ചു. പൗരന്മാർ 'സർക്കാരീ പ്രാഥമിക് വിദ്യാലയ ബചാവോ സമിതി' എന്ന സംഘടന രൂപീകരിച്ചിട്ടുണ്ട്.

ബി.ജെ.പി. ഗവൺമെന്റാകട്ടെ, സംഘപരിവാർ തീവ്രവാദികൾ നിറഞ്ഞ ഒരു വിദ്യാലയ ഉപദേശക ബോർഡ് രൂപീകരിക്കുന്നതിലൂടെ അതിന്റെ ഉദ്ദേശ്യം വ്യക്തമാക്കിക്കഴിഞ്ഞു. മെയ് മാസത്തിലിറക്കിയ വിജ്ഞാപനത്തിൽ സർക്കാർ ഉൾപ്പെടുത്തിയ പേരുകൾ ആർ.എസ്.എസ് സൈദ്ധാന്തികൻ എം.വി.ബഡ്കേകർ, എസ്.ബി. വെലിംഗ്കർ, എ.ബി.വി.പി.നേതാവ് ഡി.ബി. നായിക്, ഹെഡ്ഗേവാർ ശിക്ഷൺ മണ്ഡൽ സെക്രട്ടറി ടി.വി.ദേശായി, ബി.ജെ.പി എം.എൽ.എ വിശ്വാസ് സത്താർക്കർ തുടങ്ങിയവരുടേതായിരുന്നു.

കേരളത്തിലും വിദ്യാഭാരതിയുടെ 400 സ്കൂളുകൾ ആരംഭിക്കുവാനുള്ള നീക്കം ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്തുവാൻ.

അവലംബം:

(http://www.mnet.fr/aiindex)